നഗരഗ്രാമാസൂത്രണ വകുപ്പ്
കോഴിക്കോട് ജില്ലാ നഗരാസൂത്രകയുടെ നടപടിക്രമം
(ഹാജർ. ഐഷ.പി.എ്)

വിഷയം: വടകര നഗരസഭ – 8-ാം വാർഡിൽ, റി.സ 70/49, 50,51,52,56–ൽപ്പെട്ട സ്ഥലത്ത് ഷോപ്പ് കം ഡോർമിറ്ററി കെട്ടിടം -ശ്രീ. ഇബ്രാഹീം "മീത്തലെ പള്ളിക്കുളങ്ങര" [illegible] ., എന്നവരുടെ അപേക്ഷയിൽ -അനധികൃത കെട്ടിട നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് അംഗീകാരം നൽകി ഉത്തരവാകുന്നു.

സൂചന:
1) G.O.(P) No. 11/2018/LSGD dated 15/02/2018.
2) G.O.(Rt) No. 857/2018/LSGD dated. 27/03/2018
3) G.O.(P) No. 89/2018/LSGD dated. 30.11.2018
4) സെക്രട്ടറിയുടെ 26.07..2019-ലെ ടി.പി 1/BA/8624/19 നമ്പർ കത്ത്.
5) അനധികൃത നിർമ്മാണം ക്രമവൽക്കരണത്തിനായുള്ള കമ്മിറ്റിയുടെ 27/09/19 തീയതിയിലെ യോഗ തീരുമാനം

---

**ഉത്തരവ് നമ്പർ: സി1/2784/2019/കെ.ഡിസ് തീയതി: 27/09/2019**

---

വടകര നഗരസഭയിൽ 8-ാം വാർഡിൽ, റി.സ 70/49, 50,51,52,56–ൽപ്പെട്ട സ്ഥലത്ത് അനധികൃത കെട്ടിട നിർമ്മാണം ( ഷോപ്പ് കം ഡോർമിറ്ററി കെട്ടിടം) കേരള മുനിസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) നിർമ്മാണ ചട്ടം-2018 പ്രകാരം ക്രമവൽക്കരിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി അംഗീകാരം നൽകി ഉത്തരവാകുന്നു.

1) നിർമ്മാണം മിക്സഡ് സോണിൽ (റസിഡൻഷ്യൽ+കൊമേഴ്സ്യൽ) ഉൾപ്പെടുന്നതിനാൽ ജില്ലാ നഗരാസൂത്രകന്റെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്.
2) ചട്ടം 40എ പ്രകാരമുള്ള അംഗപരിമിതർക്കായുള്ള പ്രത്യേക സൗകര്യങ്ങൾ, 109ബി പ്രകാരമുള്ള മഴവെള്ള സംഭരണി, 57(8) പ്രകാരമുള്ള ഉറവിട-ദ്രവ മാലിന്യ സംസ്കരണ സംവിധാനം, അഗ്നി സുരക്ഷ .സംവിധാനങ്ങൾ എന്നിവ പ്രായോഗികമായി ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
3) പ്ലോട്ടിന്റെ അതിരളവുകൾ, ഉടമസ്ഥത, അപേക്ഷകന് ടി പ്ലോട്ടിൽ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള അവകാശം എന്നിവ പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.
4) രണ്ടാം നിലയിൽ ഡോർമിറ്ററിയായി രേഖപ്പെടുത്തിയിരിക്കുന്ന ഭാഗങ്ങൾ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഉടമസ്ഥനിൽ നിന്നും അഫിഡേവിറ്റ് ലഭ്യമാക്കിയിരിക്കേണ്ടതാണ്.
5) ചട്ടം 56 (3ജെ) പ്രകാരം അപേക്ഷകനിൽ നിന്നും ലൈസൻസിയിൽ നിന്നും ആവശ്യമായ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിരിക്കേണ്ടതാണ്.
6) ഈ ഉത്തരവു പ്രകാരം ക്രമവൽക്കരിക്കപ്പെടുന്ന കെട്ടിടത്തിൽ പിന്നീട് കൂട്ടിചേർത്ത നിർമ്മാണം അനുവദിക്കുവാനോ ക്രമവൽക്കരണം അനുവദിക്കുവാനോ പാടുള്ളതല്ല. ഈ വിവരം അപേക്ഷകനെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.
7) അനധികൃത നിർമാണം ക്രമവൽക്കരിക്കുന്നതിന് 42,11,433/–രൂപ കോമ്പൗണ്ടിംഗ് ഫീ ഈടാക്കേണ്ടതാണ്. ഇതിൽ പകുതി തുക 0515-other development programme 800-other receipts-92-"compounding fee for regularization of unauthorized construction violating provisions of building rules" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ സർക്കാർ ട്രഷറിയിലും ബാക്കി പകുതി ബന്ധപ്പെട്ട നഗരസഭയിലും അടവാക്കേണ്ടതാണ്.

DESPATCHED

അപേക്ഷയോടൊപ്പം ലഭിച്ച സൈറ്റ് പ്ലാനിന്റെ കോപ്പി **TP/RA/31/2019** എന്ന നമ്പറായി ഇതോടൊന്നിച്ച് ഉള്ളടക്കം ചെയ്യുന്നു.

14/10/19

ഐഷ.പി.എ
നഗരാസൂത്രക

പകർപ്പ്:
1) സെക്രട്ടറി, വടകര നഗരസഭ (1 സെറ്റ് അംഗീകരിച്ച പ്ലാൻ സഹിതം).
2) അപേക്ഷകൻ 2) വെബ്സൈറ്റ് 3) ഫയൽ.